# കെ എൻ എൻ എം വി എച്ച് എസ് എസ്
# &
# എച്ച് എസ് എസ്

## പവിത്രേശ്വരം




## അക്കാദമിക മാസ്റ്റർ പ്ലാൻ 2025–26

# കെ എൻ എൻ എം വി

# എച്ച് എസ് എസ്

# &

# എച്ച് എസ് എസ്

## പവിത്രേശ്വരം

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025–26

**കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ്**

**പവിത്രേശ്വരം**

**2025 – 2026**

# ഉള്ളടക്കം


1. ആമുഖം
2. ദർശനം
3. ലക്ഷ്യങ്ങൾ
4. മാസ്റ്റർ പ്ലാൻ രൂപീകരണ പ്രക്രിയയിൽ ശ്രദ്ധിച്ച കാര്യങ്ങൾ
5. അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂൾ തല മോണിറ്ററിംഗ് സമിതി
6. അവസ്ഥാ പഠനം
7. അവസ്ഥാ പഠനം– പരിഗണിച്ച മേഖലകൾ
8. പഠനാന്തരീക്ഷം
9. അധ്യാപകർ
10. ഭൗതിക സാഹചര്യം
11. സാമൂഹ്യ ഇടപെടൽ
12. വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ
13. പ്രശ്നപരിഹാരം

# സാക്ഷിപത്രം

2025 –26 വർഷത്തെ പവിത്രേശ്വരം കെ എൻ എൻ എം വി എച്ച് എസ് എസ് സ്കൂളിന്റെ **മാസ്റ്റർ പ്ലാൻ** രൂപീകരണവും റിപ്പോർട്ടും പൂർണ്ണമായും എന്റെ അറിവിലും പങ്കാളിത്തത്തിലും നടന്നിട്ടുള്ളതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**എന്ന്**

**പേര് :**

**ഒപ്പ് :**

# <u>സാക്ഷിപത്രം</u>

2025 –26 വർഷത്തെ പവിത്രേശ്വരം കെ എൻ എൻ എം വി എച്ച് എസ് എസ് സ്കൂളിന്റെ **മാസ്റ്റർ പ്ലാൻ** രൂപീകരണവും റിപ്പോർട്ടും പൂർണ്ണമായും എന്റെ അറിവിലും പങ്കാളിത്ത ത്തിലും നടന്നിട്ടുള്ളതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടു ത്തുന്നു.

**എന്ന്**

പേര് :

ഒപ്പ് :

# <u>സാക്ഷിപത്രം</u>

2025 –26 വർഷത്തെ പവിത്രേശ്വരം കെ എൻ എൻ എം വി എച്ച് എസ് എസ് സ്കൂളിന്റെ **മാസ്റ്റർ പ്ലാൻ** രൂപീകരണവും റിപ്പോർട്ടും പൂർണ്ണമായും എന്റെ അറിവിലും പങ്കാളിത്തത്തിലും നടന്നിട്ടുള്ളതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**എന്ന്**

പേര് :

ഒപ്പ് :

# <u>സാക്ഷിപത്രം</u>

2025 –26 വർഷത്തെ പവിത്രേശ്വരം കെ എൻ എൻ എം വി എച്ച് എസ് എസ് സ്കൂളിന്റെ **മാസ്റ്റർ പ്ലാൻ** രൂപീകരണവും റിപ്പോർട്ടും പൂർണ്ണമായും എന്റെ അറിവിലും പങ്കാളിത്ത ത്തിലും നടന്നിട്ടുള്ളതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടു ത്തുന്നു.

**എന്ന്**

പേര് :

ഒപ്പ് :

# സാക്ഷിപത്രം

2025 –26 വർഷത്തെ പവിത്രേശ്വരം കെ എൻ എൻ എം വി എച്ച് എസ് എസ് സ്കൂളിന്റെ **മാസ്റ്റർ പ്ലാൻ** രൂപീകരണവും റിപ്പോർട്ടും പൂർണ്ണമായും എന്റെ അറിവിലും പങ്കാളിത്ത ത്തിലും നടന്നിട്ടുള്ളതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടു ത്തുന്നു.

**എന്ന്**

**പേര് :**

**ഒപ്പ് :**

# <u>സാക്ഷിപത്രം</u>

2025 –26 വർഷത്തെ പവിത്രേശ്വരം കെ എൻ എൻ എം വി എച്ച് എസ് എസ് സ്കൂളിന്റെ **മാസ്റ്റർ പ്ലാൻ** രൂപീകരണവും റിപ്പോർട്ടും പൂർണ്ണമായും എന്റെ അറിവിലും പങ്കാളിത്ത ത്തിലും നടന്നിട്ടുള്ളതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടു ത്തുന്നു.

**എന്ന്**

**പേര് :**

**ഒപ്പ് :**

# <u>സാക്ഷിപത്രം</u>

2025 –26 വർഷത്തെ പവിത്രേശ്വരം കെ എൻ എൻ എം വി എച്ച് എസ് എസ് സ്കൂളിന്റെ **മാസ്റ്റർ പ്ലാൻ** രൂപീകരണവും റിപ്പോർട്ടും പൂർണ്ണമായും എന്റെ അറിവിലും പങ്കാളിത്ത ത്തിലും നടന്നിട്ടുള്ളതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടു ത്തുന്നു.

**എന്ന്**

**പേര് :**

**ഒപ്പ് :**

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകകർമ്മത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസ ത്തിന്റെ ആത്യന്തികമായ ലക്ഷ്യം. മുഖ്യമായ ഒരു സമൂഹനിർമ്മിതിക്ക് ഉലകത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 യു.എൻ സുസ്ഥിര വികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കു കയും അവൻ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യം ഇല്ലായ്മ, വിശപ്പ്രഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരം ഉള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിനും അടിസ്ഥാനമായി വർത്തിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാ രമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവ സരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

**കെ എൻ എൻ എം വി എച്ച് എസ് എസ് – എച്ച് എസ് എസ്** വിദ്യാഭ്യാസരംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള ഒരു വിദ്യാലയമാണ്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിനെല്ലാം ഉപരി സ്കൂൾ മോനേജരുടെയും പിടിഎയുടെയും അധ്യാപക സമൂഹത്തി ന്റെയും അക്ഷീണപ്രയത്നം ഇതിന് ഉത്തേജകമായിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ രംഗത്ത് അത്ഭുതപൂർവ്വമായ ഉണർവു സൃഷ്ടിച്ചു. അതിന്റെ ഭാഗമായി ഈ വിദ്യാലയവും ഭൗതിക രംഗത്തും അക്കാദമി രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. സമൂഹത്തിന് പൊതുവിദ്യാലയത്തിലുള്ള വിശ്വാസം വർധിപ്പിച്ചതിൽ ഈ സ്കൂളിന്റെ പ്രവർത്തനം വളരെ വലിയ നാഴികക്കല്ലാണ്.

എല്ലാ വർഷത്തെപോലെ തന്നെയും അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിന് ഈ വർഷത്തെ മാസ്റ്റർപ്ലാൻ തയ്യാറാക്കി അവതരിപ്പിക്കുകയാണ്. മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മറ്റ് സ്കൂളുകൾക്ക് മാതൃകയാകുന്നതിൽ ഈ സ്കൂൾ ഏറ്റവും മുൻപന്തിയിലാണ് എന്നുള്ളത് ഓർമിപ്പിക്കട്ടെ.

ലോകത്തിലാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശം, ഭാഷ, വർഗ്ഗം, വർണ്ണം, ലിംഗഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാൻ ഈ സ്കൂളിന് ഇതുവരെ കഴിഞ്ഞിട്ടുണ്ട് എന്ന് ഏറെ അഭിമാനത്തോടുകൂടി പറയട്ടെ.

മേൽപ്പറഞ്ഞ ലക്ഷ്യം കൂടുതൽ ശക്തിയായി നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയത്തിന്റെ മാനേജർ, അധ്യാപകർ, വിദ്യാഭ്യാസ സംവിധാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പി.ടി.എ എന്നിവരെ പൂർണ്ണമായും ഉൾക്കൊള്ളിച്ചുകൊണ്ട് ഈ വിദ്യാലയത്തിന്റെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

ഈ വർഷത്തെ പഠന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ കോവിഡാനന്തരം പഠനബോധന രീതികളിൽ വന്ന മാറ്റങ്ങൾ സുസ്ഥിര വികസന സൂചികകൾ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണനയിലെടുത്ത് വിദ്യാഭ്യാസ വകുപ്പ്, എസ്എസ്കെ, എംപി, എംഎൽഎ, പിടിഎ മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ പരമാവധി പ്രയോജനപ്പെടുത്തി അവയോട് ചേർന്നുള്ള പദ്ധതികൾ ആണ് ഈ മാസ്റ്റർ പ്ലാനിൽ രൂപകല്പന ചെയ്തിരിക്കുന്നത്.

എന്ന്
സ്നഹപൂർവ്വം

**ശ്രീമതി.ശ്രീബിന്ദു ജി എസ്**
(പ്രഥമാധ്യാപിക,
കെഎൻഎൻഎംഎച്ച്എസ്എസ്)

# <u>ദർശനം</u>

"കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ്-ലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഈ വിദ്യാലയത്തിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാകുന്നു".

# ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയന്തരീക്ഷവും പഠന പ്രവർത്ത നവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- ഈ വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തി പരിയച പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- ഈ വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലാബോറട്ടറി ലൈബ്രറി കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തു കയും ചെയ്യുന്നു.
- സുസ്ഥിര വികസന കാഴ്ചപ്പാടിലൂടെ വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥിക ളോടൊപ്പം ഇത് സാമൂഹത്തിനാകെ ഉപയോഗപ്രദമാകുന്നു.
- ഒരു അധ്യാപികയും അധ്യാപകനും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകനും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും അധ്യാപകരും രക്ഷകർത്താക്കളും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകാൻ ഉതകുന്ന പ്രവർത്ത നങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർത്ഥിയെയും ഒരു മൈക്രോ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയ ങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കു ന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കു ന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസുത്രണം ചെയ്തു.

# മാസ്റ്റർ പ്ലാൻ രൂപീകരണ പ്രക്രിയയിൽ ശ്രദ്ധിച്ച കാര്യങ്ങൾ

- പാഠ്യപദ്ധതി സമീപനം, കാഴ്ചപ്പാട് എന്നിവയുമായി ബന്ധപ്പെ ടുന്ന പ്രവർത്തനങ്ങൾ രൂപീകരിച്ചു.
- സർക്കാരിന്റെ വിദ്യാഭ്യാസ വാർഷിക പദ്ധതിയിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചു.
- വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ- **SSK, KITE, SCERT, SIEMAT, SIET** വിവിധ ക്ലബ്ബുകൾ, സ്കൗട്ട്, ഏജൻസി, എസ്പിസി, ജെആർസി തുടങ്ങിയവ സംസ്ഥാന തലത്തിൽ തയ്യാറാക്കിയ വിദ്യാഭ്യാസ പദ്ധതികൂടി പരിഗണിച്ചു.
- സ്കൂൾ കണ്ടെത്തിയ പ്രശ്നമേഖലകൾ മുൻഗണനാക്രമത്തിൽ രൂപപ്പെ ടുത്തി അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകി.
- ഈ മാസ്റ്റർ പ്ലാന് പ്രായോഗികത, യുക്തിഭദ്രത, വൈവിധ്യം പുതുമ എന്നിവ ഉറപ്പാക്കുന്നതിൽ ശ്രദ്ധിച്ചു.
- ദേശീയ സംസ്ഥാന പ്രദേശിക തലങ്ങളിൽ വിവിധ ഏജൻസികൾ സ്കൂളുകൾക്കായി നീക്കിവെക്കുന്ന ഫണ്ടുകൾ വിവിധ പദ്ധതികൾ എന്നിവ ഉപയോഗപ്പെടുത്തുവാനുള്ള സാധ്യതകൾ കൂടി പരിഗണിച്ചു.
- ഉയർന്ന നിലവാരം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് പ്രാധാന്യം നൽകി.
- സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവരെയും പാർശ്വവൽക്കരിക്കപ്പെടുന്നവരെയും ഭിന്നശേഷിക്കാരുടെയും പഠന മുന്നേറ്റം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾക്ക് രൂപീകരണം നൽകി.
- സവിഷേഷവും നൂതനവുമായ പഠന പ്രവർത്തനങ്ങൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി.
- തുടർച്ചയും വളർച്ചയും ഉള്ള പ്രവർത്തനങ്ങൾക്ക് രൂപകൽപ്പന കൊടുത്തു.
- രൂപീകരണ പ്രക്രിയയിൽ അധ്യാപകരോടൊപ്പം വിദ്യാർഥി പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ **PTA, MPTA, SMC** ജനപ്രതിനിധികൾ അക്കാദമിക വിദഗ്ദ്ധർ വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവരെ പങ്കാളികളാക്കി.

# അക്കാദമിക മാസ്റ്റർ പ്ലാൻ
# സ്കൂൾതല മോണിറ്ററിംഗ് സമിതി

**സ്കൂൾ തല അക്കാദമി മാസ്റ്റർ പ്ലാൻ**
**മോണിറ്ററിംഗ് സമിതി രൂപീകരിച്ചു**

**<u>അംഗങ്ങൾ</u>**

**ശ്രീ.ജെ.കെ.ഗോപകുമാർ** (മാനേജ്മെന്റ് പ്രതിനിധി)
**(KNNM Group of Educational Institution)**

**ശ്രീ.വാസു.പി** (വാർഡ് മെമ്പർ)

**ശ്രീമതി.അജിതാ രമേശ്** (വാർഡ് മെമ്പർ)

**ശ്രീ.പത്മകുമാർ കെ** ( PTA പ്രസിഡന്റ്)

**ശ്രീമതി.ടി. ദീപാലക്ഷ്മി** (പ്രിൻസിപ്പൽ)
കെ.എൻ.എൻ.എം.എച്ച്.എസ്.എസ്

**ശ്രീമതി.ശ്രീബിന്ദു.ജി.എസ്** (പ്രഥമാധ്യാപിക)
കെ.എൻ.എൻ.എം.എച്ച്.എസ്.

**ശ്രീ.ഗോപകുമാർ ജി.കെ** (ഡെപ്യൂട്ടി എച്ച് .എം)

കെ.എൻ.എൻ.എം.എച്ച്.എസ്.

**ശ്രീമതി.മഞ്ചു.പി.നായർ**
(സ്റ്റാഫ് സെക്രട്ടറി)

**ശ്രീമതി പത്മകുമാരി.ബി.എസ്**
(എച്ച് എസ്, എസ്.ആർ.ജി.കൺവീനർ)

**ശ്രീമതി.ഗീതാകുമാരി.റ്റി**
(യു.പി, എസ്.ആർ.ജി കൺവീനർ)

**ശ്രീമതി.ബേബി രജനി** (Resource Teacher)

**ശ്രീ.ഋതു.എസ്** (വിദ്യാർത്ഥി പ്രതിനിധി)

**കുമാരി.മേഘ മനോജ്** (വിദ്യാർത്ഥി പ്രതിനിധി)

**ശ്രീമതി.അനുഷ ജി** (പൂർവ്വ വിദ്യാർത്ഥി)

**ശ്രീ.ബോബി പോൾ** (പൂർവ്വ വിദ്യാർത്ഥി)

# <u>അവസ്ഥാ പഠനം</u>

ഈ വിദ്യാലയത്തിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 10-04-2025 വ്യാഴാഴ്ച ഒരു സമിതി രൂപീകരിച്ചു. സമിതിയിൽ അധ്യാകപർ, **PTA, MPTA** റിസോഴ്സ് ടീച്ചർ ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾ, വിദ്യാർത്ഥി പ്രതിനിധികൾ, **SRG** പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, അക്കാദമിക വിദഗ്ധർ എന്നിവർ ഉൾപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞ സമിതിയുടെ നേതൃത്വത്തിൽ ഇതിനാവശ്യമായ ടൂളുകൾ തയ്യാറാക്കി ഓരോക്ലാസിലെയും കുട്ടികളുടെയും പഠനനിലവാരം രേഖപ്പെടുത്തി, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# അവസ്ഥാ പഠനം
# പരിഗണിച്ച മേഖലകൾ

1. പാഠ്യപദ്ധതി വിനിമയം
2. പഠനാന്തരീക്ഷം
3. അധ്യാപകർ
4. ഭൗതിക സാഹചര്യം
5. സാമൂഹ്യ ഇടപെടൽ

എല്ലാ വിഷയങ്ങളും എല്ലാ സ്റ്റാൻഡേർഡുകളിലും മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അവസ്ഥ പഠനം നടത്തി അതിനനുസരിച്ചുള്ള മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കിയിരിക്കുന്നത്.

## പഠനാന്തരീക്ഷം

1. മെച്ചപ്പെട്ട രീതിയിലുള്ള ക്ലാസ് മുറികളുടെ സജ്ജീകരണം.

2. ക്ലാസ് മുറികളിലെ ജനാധിപത്യം അവസരസമത്വം സ്വതന്ത്രചിന്ത ലിംഗസമത്വം എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം എന്നിവ മികച്ച നിലവാരം പുലർത്തുന്നു.

3. ഓരോ ക്ലാസ് മുറിയിലും അനുയോജ്യ പഠന ഉപകരണങ്ങൾ ഉണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

4. അധ്യാപക വിദ്യാർത്ഥി ബന്ധം ഏറ്റവും ഉചിതമായ രീതിയിലാണ് എന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

5. ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യതയും ഉപയോഗവും ആവശ്യാനുസരണം ലഭിക്കുന്നുണ്ട് എന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

6. അനുയോജ്യമായ കളിസ്ഥലവും കളി ഉപകരണങ്ങളും ഉണ്ടെന്ന് ബോധ്യപ്പെട്ടു.

# അധ്യാപകർ

പാഠ്യപദ്ധതിക്ക് അനുസൃതമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് താഴെപ്പറയുന്നത് ലഭിക്കുന്നുണ്ട് എന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

1. സ്വതന്ത്രവും നിർഭയവും ആയ അന്തരീക്ഷം
2. പഠന സാമഗ്രികളുടെ യഥാസമയ ലഭ്യത
3. ആവശ്യമായ പ്രദേശിക വിഭവങ്ങൾ
4. സാമൂഹിക പിന്തുണ
5. ദൈന്യംദിനാസൂത്രണവും സമഗ്രസൂത്രണവും
6. ഊഷ്മളമായ അധ്യാപക രക്ഷാകർത്തൃബന്ധം

# ഭൗതിക സാഹചര്യം

മികവിന്റെ കേന്ദ്രമായി മാറുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ വിദ്യാലയത്തിൽ ഉണ്ടോ എന്ന് സമിതി വിലയിരുത്തി അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

1. ഉന്നത നിലവാരം പുലർത്തുന്ന പരിസ്ഥിതി സൗഹൃദ വിദ്യാർത്ഥി സൗഹൃദ സ്കൂൾ ക്ലാസ് അന്തരീക്ഷം
2. മതിയായ കളിസ്ഥലവും കളി ഉപകരണങ്ങളും
3. വിദ്യാർത്ഥി സൗഹൃദ ഭിന്നശേഷി സൗഹൃദ ഫർണിച്ചറുകൾഉണ്ട്
4. ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങളുണ്ട്
5. ആവശ്യത്തിനുള്ള ഗതാഗത സൗകര്യം സ്കൂൾ നൽകുന്നുണ്ട്
6. ആവശ്യത്തിനുള്ള ശുദ്ധജല ലഭ്യത.

# <u>സാമൂഹ്യ ഇടപെടലുകൾ</u>

താഴെപ്പറയുന്നവയുമായി സ്കൂൾ ആരോഗ്യകരമായ ബന്ധം പുലർത്തിപ്പോ രുന്നു എന്ന് സമിതി കണ്ടെത്തി.

- **PTA**
- **SMC**
- **MPTA**
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
- പൂർവ്വ വിദ്യാർഥികൾ
- വികസന സമിതി
- വിവിധ വകുപ്പുകൾ
- സന്നദ്ധ സംഘടനകൾ
- പ്രാദേശിക വിദഗ്ധർ

# വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ

കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ് ലെ അവസ്ഥാ പഠനം പൂർത്തീകരിക്കുകയും കണ്ടെത്തിയതായ പ്രശ്നം താഴെ കാണിക്കുകയും ചെയ്തിട്ടുണ്ട്.

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | |
|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം |
| അക്കാദമികം | പ്രൊജക്ടുകളുടെയും ലാപ്പ്ടോപ്പിന്റെയും എണ്ണത്തിലുള്ള അപര്യാപ്തത | | ■ | |
| അക്കാദമികം | സ്കൂളിൽ ഒരു ഏ ഐ ലാബും ടിങ്ഗർ ലാബും ഇല്ല | | ■ | |
| സാമൂഹികം | സാധാരണക്കാരായ ധാരാളം കുട്ടികൾ നടന്നുവന്ന് പഠിക്കുന്ന ഈ സ്കൂളിന്റെ പരിസരത്ത് ധാരാളം തെരുവ് നായ്ക്കൾ കാണപ്പെടുന്നു | | ■ | |
| ഔദ്യോഗികം | 2000-ൽപരം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ നിന്നും ധാരാളം കുട്ടികൾ നടന്നും പ്രൈവറ്റ് ബസിനെ ആശ്രയിച്ചുമാണ് പോകുന്നത്. | | ■ | |

| | | | | |
|---|---|---|---|---|
| | ആ സമയങ്ങളിൽ കുട്ടികൾ ബസ്സ് കയറുന്ന സ്ഥലം കേന്ദ്രീകരിച്ച് നിയമപാലകർ ഇല്ലാത്തതിന്റെകുറവ്<br><br>സർക്കാർ ഫണ്ടുകളുടെ അപര്യാപ്തത ഉദാ. ക്രിക്കറ്റ് പിച്ച് ശാരീരിക ക്ഷമത ജിം സംവിധാനം | | | |

# പ്രശ്ന പരിഹാരം

മാസ്റ്റർപ്ലാൻ തയ്യാറാക്കിയ സമിതിയുടെ പഠനത്തിൽ നിന്നും കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കാനായി താഴെ പറയുന്ന നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു.

1. വിദ്യാഭ്യാസ വകുപ്പിൽ പ്രൊജക്ടുകൾക്കും ലാപ്ടോപ്പിനുമുള്ള അപേക്ഷ നൽകുക. എംപി, എംഎൽഎ എന്നിവരെ സമീപിച്ച് അപേക്ഷ നൽകുക

2. പഞ്ചായത്ത് പ്രസിഡന്റിനെ നേരിൽ കണ്ട് അപേക്ഷ സമർപ്പിക്കാൻ തീരുമാനിച്ചു.

3. ബന്ധപ്പെട്ട അധികാരികൾക്ക് അപേക്ഷ സമർപ്പിക്കാൻ തീരുമാനിച്ചു.

## KNNMHSS & VHSS, PAVITHRESWARAM

### संस्कृतभाषायाः मास्टर प्लान
### (एच् एस् विभागः )
### 2025-26

| क्रमसंख्या | मेखला | पद्धतेः नाम | प्रवर्तनानि | कालांशः | निर्वहण समितिः | मूल्यधानम् |
|---|---|---|---|---|---|---|
| 1 | संघाटनम् | संस्कृतसभा | संस्कृतसभा रूपीकरणम् । | जून् 4 | संस्कृत समितिः | अध्यापिकाः |
| 2 | चित्रणम् | प्रकृति चित्रणम | प्रकृतिचित्रणम् । | जून् 5 | संस्कृत समितिः | अध्यापिकाः |
| 3 | वाचनम् | वचनं संस्कृतम | 1.पुस्तक वाचनम् । 2. आस्वादन लेखनम् । | जून् 19- जून् 23 | संस्कृत समितिः | अध्यापिकाः |
| 4 | परिशीलनम्<br>आसूत्रणम् | सुखदां व्यायामः<br>रामायणमासाचरणम् । | 1.योगायाः महत्व प्रतिपादनम्, vedio दर्शनम् ।<br>2.प्रश्नोत्तरी , पारायण स्पर्धा । | जूलै द्वितीय वारम् । | संस्कृत समितिः | अध्यापिकाः |
| 5 | संघाटनम् | संस्कृतदिनाचराणम | विविध स्पर्धाः,संस्कृत यात्रा, औषधं सस्यप्रदर्शिनी च । | ओगस्त् 7- ओगस्त् 30 | संस्कृत समितिः | अध्यापिकाः |
| 6 | प्रदर्शनम् | स्वतन्त्रता स्मरणा | Vedio प्रदर्शनम् । | ओगस्त् 15 | संस्कृत समितिः | अध्यापिकाः |
| 7 | परिशीलनम् | स्कोलर्षिप | विविध मेखलां अधिकृत्य प्रश्नान निर्माणम् । | सेप्तम्बर् त्रितीय वारम् | संस्कृत समितिः | अध्यापिकाः |
| 8 | परिशीलनम् | संस्कृत typing | Sanskrit typing | ओक्टोबर द्वितीय वारम् | संस्कृत समितिः | अध्यापिकाः |

| | | | | | | |
|---|---|---|---|---|---|---|
| 9 | निर्माणम् | सङ्केतिक संस्कृतम | **Digital magazin** प्रदर्शनम् । | नवंबर तृतीय वारम् | संस्कृत समितिः | अध्यापिकाः |
| 10 | निर्माणं प्रदर्शनम् | अमृतसंस्कृतम | **PPT** निर्माणम् । | दिसंबर | संस्कृत समितिः | अध्यापिकाः |
| 11 | परिशीलनम् | **Assembly** | **Assembly** परिशीलनम् । | एकवर्ष पर्यन्तम् | संस्कृत समितिः | अध्यापिकाः |
| 12 | परिशीलनम् | कलोत्सवः | कलोत्सवम् परिशीलनम् । | एकवर्ष पर्यन्तम् | संस्कृत समितिः | अध्यापिकाः |

# കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ് പവിത്രേശ്വരം

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025–26

## എച്ച് എസ് മലയാളം

## ലക്ഷ്യം : സമഗ്രഗുണമേന്മാപദ്ധതി നടപ്പാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | വിവരശേഖരണം എഴുത്തും വായനയും മെച്ചപ്പെടുത്തുവാനുള്ള വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തൽ | ജൂൺ 2025 മുതൽ 2026 ജനുവരി വരെ | എല്ലാ അധ്യാപകരും |
| വ്യത്യസ്ത സാഹിത്യതലങ്ങൾ പരിചയപ്പെടുന്നു | വായനക്കൂട്ടം വായനദിനാചരണം പി എൽ പണിക്കർ അനുസ്മരണം അക്ഷരവൃക്ഷം നിർമിക്കൽ വായനാക്കുറിപ്പ് വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം ചണ്ഡാലഭിക്ഷുകി ദൃശ്യാവിഷ്കാരം, കഥാപ്രസംഗം നളചരിതം ആട്ടക്കഥ അവതരണം | ജൂൺ,ജൂലൈ | മലയാളം ക്ലബ്ബ് |
| സാഹിത്യപരമായ വിജ്ഞാനം പരിപോഷിപ്പിക്കുക | ഓരോ ആഴ്ചയിലും അഞ്ച് സാഹിത്യ ക്വിസ് വീതം ക്ലാസുകളിൽ നൽകുന്നു. ജനുവരിയിൽ വിലയിരുത്തൽ | ജൂൺ മുതൽ ജനുവരിവരെ | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| കുട്ടികളിലെ സർഗവാസനകൾ വികസിപ്പിക്കുന്നതിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും | വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വിവിധ മത്സരങ്ങൾ | ആഗസ്റ്റ്-സെപ്റ്റംബർ | വിദ്യാരംഗം കലാസാഹിത്യ വേദി |
| കുട്ടികളിൽ കൃഷിയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനും പഴയകാല കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനും | കർഷകദിനം കർഷകനെ ആദരിക്കൽ അഭിമുഖം | ആഗസ്റ്റ് | അധ്യാപകർ |
| യാത്രാനുഭവം, യാത്രാവിവരണം നിരീക്ഷണം തുടങ്ങിയവ കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നു | പഠനവിനോദയാത്ര | ഒക്ടോബർ | മലയാളം ക്ലബ്ബ് |
| ഗോത്ര കവിതകളെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നു | നാടൻ കലാകാരന്മാരെ പരിചയപ്പെടുന്നു | നവംബർ | മലയാളം ക്ലബ്ബ് |
| കഥാകാരൻ എം ടി വാസുദേവൻ നായരെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നു | എംടി ചരമദിനവുമായി ബന്ധപ്പെട്ട് പുസ്തകവായന എംടിയുടെ ഒരു പുസ്തകമെങ്കിലും വായിക്കൽ സിനിമാപ്രദർശനം | ഡിസംബർ | മലയാളം ക്ലബ്ബ് |
| ഭാഷകേൾക്കാനും കാണാനും എഴുതാനും സംസാരിക്കാനുമുള്ള അവസരം | കേട്ടെഴുത്ത് മത്സരം കൈയ്യക്ഷര മത്സരം കുറിപ്പുകൾ തയ്യാറാക്കൽ മാഗസിനുകൾ തയ്യാറാക്കൽ | ജനുവരി | മലയാളം ക്ലബ്ബ് |

| | | | |
|---|---|---|---|
| മാതൃഭാഷാവബോധം ഉണ്ടാക്കുക | അന്താരാഷ്ട്ര മാതൃഭാഷാദിനവുമായി ബന്ധപ്പെട്ട് പ്രസംഗമത്സരം ദൈനംദിന ജീവിതത്തിൽ നമ്മൾ ഉപയോഗിക്കുന്ന ഇംഗ്ലീഷ് പദങ്ങളുടെ മലയാള പദങ്ങൾ ശേഖരിക്കുക | ഫെബ്രുവരി | മലയാളംക്ലബ്ബ് |
| പഠന പ്രവർത്തനങ്ങളിലൂടെ നേടിയ വിവിധ നൈപുണികളുടെ പരിശോധന | വാർഷികപ്പരീക്ഷ | മാർച്ച് | അധ്യാപകർ |

# K N N M V H S S & H S S

## PAVITHRESWARAM

## MASTER PLAN 2025-26

# HS-ENGLISH

| AIRMS | ACTIVITIES | TIME DURATION | DUTIES | FINANCE |
|---|---|---|---|---|
| Enable them to communicate English Confidently | Spoken English Class, English corner, Story time, English cartoon, English Assembly | Saturday (One year) | PTA, Teachers | PTA |
| Provide Opportunities for English Visuals | Cinema documentary profile, script, roleplay seminar, Visualization, etc. | One year | SRG, Teachers | English Club |
| English Language Acquisition Programme | Reading cards, word cards vocabulary, learning game cards | One year | Teachers | English Club |
| Dramatization | Skit Presentation, English Assembly | One week | Teachers, SRG | English Club |
| Provide opportunities to recite poem | Audio listening, appreciation | One year | Teachers | English Club |

| | | | | |
|---|---|---|---|---|
| Take Debate classes | Create a situation to spend debate with native speakers | Vacation time | Teachers, PTA SRG | English Club |

# English Club Activities

## June

June 5 : **World Environment Day**
Poster making competition

June 19: **Reading Day**
Reading competition in all classes
Writing competition
Collecting Books and making English corner

## July

July 5 : **Reminiscence of Basheer Tablo, skit**
English Language Acquisition Programme

July 11 : **World Population Day**

July 26 : **George Bernard Shaw Day**

## August

August 5: **Rabindranath Tagore Day**
Profile writing, National Anthem competition

## September

September 5: **Teacher's Day**
Conducting classes by students

September 8: **International Literacy Day**
Provide reading cards for slow learners

## October

October 15: **Dr APJ Abdul Kalam Speech Competition**

## November

November 2: **George Bernard Shaw Day**

## January

**English Fest**

# കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ് പവിത്രേശ്വരം

## അക്കാദമിക മാസ്റ്റർ പ്ലാൻ- എച്ച്.എസ് 2025-26

## വിഷയം - ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളുകളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- കുട്ടികളിൽ ഹിന്ദി ഭാഷാ സ്നേഹം വളർത്തിയെടുക്കുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷരം,ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു | അക്ഷര ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു. ഉറക്കെ വായിക്കുവാനുള്ള അവസരം നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാനുള്ള അവസരം നൽകുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു | ജൂൺ | ഹിന്ദി ടീച്ചർ |
| അക്ഷരങ്ങൾ എഴുതുവാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു | ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതൽ പരിചയപ്പെടുത്തുന്നു ദൃശ്യാവിഷ്ക്കാരത്തിന് സന്ദർഭോജിതമായ സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ജൂൺ ജൂലൈ | ഹിന്ദി ടീച്ചർ |

| | | | |
|---|---|---|---|
| ചുറ്റുപാടുമുള്ള വസ്തുക്കളേയും മാസങ്ങളുടേയും ദിവസങ്ങളുടെയും നാമങ്ങൾ പരിചയപ്പെടുത്തുന്നു നാമം, സർവ്വനാമം വിശേഷണം എന്നിവ പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ വാക്യങ്ങൾ സ്വന്തമായി എഴുതുവാൻ പരിശീലിപ്പിക്കുന്നു | ഓരോ കുട്ടികളുടേയും ജനനതീയതിയും അഡ്രസ്സും ഹിന്ദിയിൽ എഴുതുവാൻ പറയുന്നു ചാർട്ടുകൾ നൽകുന്നു.അതിൽ നിന്നും നാമം സർവ്വനാമം, വിശേഷണം എന്നിവ തിരിച്ചറിഞ്ഞ് കണ്ടെത്തി എഴുതുവാൻ പറയുന്നു സംഭാഷണം (അധ്യാപകനും, വിദ്യാർത്ഥിയും. കൂട്ടുകാർ തമ്മിൽ) തയ്യാറാക്കുവാൻ നിർദ്ദേശം നൽകുന്നു | ജൂലൈ | ഹിന്ദി ടീച്ചർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു വായന പരിശീല നത്തിന് അധികം പ്രാധാന്യം നൽകുന്നു. ഹിന്ദി അസംബ്ലിക്ക് പ്രാപ്തരാക്കുന്നു | കേട്ടെഴുത്ത്, പദസൂര്യൻ,പ്രശ്നോത്തരി എന്നിവ നൽകുന്നു. പദ്യം ചൊല്ലൽ, കഥ,കവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | ആഗസ്റ്റ് | ഹിന്ദി ടീച്ചർ |
| ചെറിയ മുദ്രാവാക്യ ങ്ങൾ എഴുതുവാ നറിയുന്നു സാഹിത്യ രുചി വളർത്തുക, ഹിന്ദി കലോത്സവം നല്ല രീതിയിൽ നടത്തുന്നു. കുട്ടിക ളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | വിഷയങ്ങൾ നൽകികൊണ്ട് കല,കവിത, എന്നിവ തയ്യാറാക്കുന്നു. പ്രസംഗം കഥാരചന, കവിതാരചന എന്നിവ സംഘടിപ്പിക്കുന്നു | സെപ്തംബ ർ ഒക്ടോബർ | ഹിന്ദി ടീച്ചർ |
| പാഠഭാഗം സ്വയം വായിക്കുവാനും അർത്ഥം സ്വയം( ഡിക്ഷ്നറി യുടെ സഹായം) കണ്ടെത്തുന്നു.<br><br>ഗ്രൂപ്പ് തിരിച്ച് പ്രവർത്തനങ്ങൾ എഴുതുവാനുള്ള അവസരം | കുട്ടികൾക്ക് സ്വയം പാഠഭാഗം വായിച്ച് സ്വയം മനസ്സിലാക്കുന്നു. ഗ്രൂപ്പ് തിരിച്ചിരുത്തി പ്രവർത്തന ങ്ങൾ നടത്തുന്നു ക്ലാസുക ളിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. പിന്നോക്കം നിൽക്കുന്നവരെ മുന്നോക്കം നിൽക്കുന്ന കുട്ടികളുടെ സഹായത്തോ ടെ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | നവംബർ<br><br>ഡിസംബർ | ഹിന്ദി ടീച്ചർ |

| | | | |
|---|---|---|---|
| കാലം വചനം എന്നിവ പരിചയപ്പെടുത്തുന്നു | ഉദാഹരണത്തിലൂടെ കാലവും വചനവും പരിചയപ്പെടുത്തുന്നു | ജനുവരി | ഹിന്ദി അധ്യാപകർ |
| ക്ലാസ്സ് പ്രവർത്തന ങ്ങൾ സ്വയം തയ്യാറാക്കുവാൻ പ്രാപ്തരാക്കുന്നു | പ്രസംഗം സ്വയം തയ്യാറാക്കി അവതരിപ്പിക്കാൻ പ്രാപ്തരാക്കുന്നു | ഫെബ്രുവരി | ഹിന്ദി ടീച്ചർ അധ്യാപകർ പിടിഎ |

# കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ് പവിത്രേശ്വരം

# അക്കാദമിക മാസ്റ്റർ പ്ലാൻ– എച്ച്.എസ് ഫിസിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവേശകം കുട്ടികൾ നേടേണ്ട പ്രക്രിയാ ശേഷികൾ ആർജിക്കുന്നതിന് | പാഠഭാഗത്തിലേക്ക് കുട്ടികളെ നയിക്കുന്നതിന് എൻട്രി ആക്ടിവിറ്റി ഡിസൈൻ ചെയ്ത് നൽകുന്നു<br><br>പരീക്ഷണങ്ങൾ കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം നൽകുന്നു | ജൂൺ | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| നവീന ശാസ്ത്ര ക്ലാസ്സ് മുറി ശാസ്ത്രബോധം വർദ്ധിക്കുന്നതിന് | ക്ലാസ്സിലെ ശാസ്ത്രമൂല, സയൻസ്കിറ്റ് എന്നിവ പുന:ക്രമീകരിക്കുന്നു | ജൂൺ – മാർച്ച് | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| ശാസ്ത്ര ലഹരി ശാസ്ത്ര വിഷയങ്ങളിൽ ആഭിമുഖ്യം വളർത്തുക | 'ഭൗതികശാസ്ത്ര പഠനം ലഹരിയാക്കുക' എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിക്കുന്നു | ആഗസ്റ്റ് | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| പരിസ്ഥിതിയും ശാസ്ത്രവും പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ<br><br>ജൈവ വൈവിധ്യ ഉദ്യാനം വിപുലീകരിക്കൽ | ജൂൺ– മാർച്ച് | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ശാസ്ത്രവും വിവരസാങ്കേതിക വിദ്യയും<br><br>**ICT** ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമാക്കൽ | **ICT** സാധ്യതകൾ ഉപകരണങ്ങൾ എന്നിവ നേരിട്ട് കുട്ടികളെ കൈകാര്യം ചെയ്യിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് മെച്ചപ്പെട്ട പഠനസാധ്യത **ICT** യിലൂടെ നൽകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ദേശീയ നിലവാരമുള്ള സെമിനാറുകൾ പ്രോജക്ടുകൾ ശാസ്ത്ര ശില്പശാലകൾ ശാസ്ത്രകാരൻമാരുമായി സംവദിക്കൽ | ജൂൺ-മാർച്ച്<br><br>സെപ്തംബർ-ഒക്ടോബർ | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് |
| ശാസ്ത്രവുമായി ബന്ധപ്പെട്ട മുന്നറിവ് പരിശോധിക്കുന്നു<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു പ്രവർത്തനങ്ങളിലൂടെ ആശയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു | കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ വർഷത്തിൽ ഒരു പ്രാവശ്യം അവസരം നൽകുന്നു. എൻട്രി ആക്ടിവിറ്റി ഡിസൈൻ ചെയ്തു നൽകുന്നു സിമ്പിൾ പെൻഡുലം ഉപയോഗിച്ച് ആവൃത്തി, പിരിയഡ് എന്നിവ കണ്ടെത്തുന്ന പ്രവർത്തനം അനുപ്രസ്ഥ, അനുദൈർഘ്യ തരംഗങ്ങൾ വേർതിരിച്ചറിയുന്ന പരീക്ഷണം (സ്റ്റാൻഡേർഡ് 10) | ജൂൺ<br><br>ജൂൺ-ജൂലൈ | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പ്ലവക്ഷമബലം, ആർക്കിമിഡീസ് തത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (സ്റ്റാൻഡേർഡ് 9)<br>പേപ്പറിന്റെ കനം കണ്ടെത്തുന്ന പരീക്ഷണം<br>അളവുജാർ ഉപയോഗിച്ച് വ്യാപ്തം കണ്ടെത്തുന്ന പരീക്ഷണം (സ്റ്റാൻഡേർഡ് 8) | ജൂൺ-ജൂലൈ<br>ജൂൺ-ജൂലൈ | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | |
| **<u>ദിനാചരണങ്ങൾ</u>**<br>പരിസ്ഥിതി ദിനം | പരിസ്ഥിതി ദിനവമായി ബന്ധപ്പെട്ട് വൃക്ഷത്തൈ നടിൽ, പരിസ്ഥിതിദിന ക്വിസ്, പോസ്റ്റർ നിർമ്മാണം പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ പ്രദർശനം | ജൂലൈ | സയൻസ് അധ്യാപകർ | |
| ചാന്ദ്രദിനം | വാനനിരീക്ഷണം ക്വിസ് മത്സരം ടെലസ്കോപ്പ് നിർമ്മാണം | ജൂലൈ | സയൻസ് അധ്യാപകർ | |
| മൂല്യനിർണ്ണയം | പഠനലക്ഷ്യങ്ങൾ നേടിയിട്ടുണ്ടോ എന്നറിയാൻ നിരന്തരമൂല്യ നിർണയം നടത്തി പോരായ്മകൾ കണ്ടെത്തി വ്യക്തിഗത പഠനക്രിയകൾ ആസൂത്രണം ചെയ്യുന്നു | ജൂലൈ | സയൻസ് അധ്യാപകർ | |

# കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ് പവിത്രേശ്വരം

# അക്കാദമിക മാസ്റ്റർ പ്ലാൻ– എച്ച്.എസ് കെമിസ്ട്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സയൻസ് വിഷയങ്ങൾ പരിചയപ്പെടുത്തുന്നു ൈ | കുട്ടികൾ നേരത്തെ പഠിച്ച സയൻസ് വിഷയങ്ങളിൽ നിന്നു അറിവ് നേടിയിട്ടുണ്ടോ എന്ന് വേണ്ടിയുള്ള ആക്ടിവിറ്റി നടത്തുന്നു(ചോദ്യങ്ങൾ) | ജൂൺ | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| ശാസ്ത്ര അവബോധം | ക്ലാസ്സിൽ സയൻസ്മൂല,സയൻസ്കിറ്റ് ക്രമീകരണം | ജൂൺ | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| പഠനപിന്നോക്ക അവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തൽ പ്രത്യേക പരിശീലനം | അധ്യാപകൻ കുട്ടി, കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ജൂൺ | | സയൻസ് ക്ലബ്ബ് |
| ദിനാചരണങ്ങൾ പരിസ്ഥിതിദിനം | പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വൃക്ഷത്തൈ നടീൽ<br>• പരിസ്ഥിതിദിന ക്വിസ്<br>• പരിസ്ഥിതി സംരക്ഷണ അവബോധം | ജൂൺ | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| നക്ഷത്രവനം | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ജൈവവൈവിധ്യ ഉദ്യാനം രൂപീകരിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| ശാസ്ത്രവിവര സാങ്കേതികവിദ്യ | ICT സാധ്യതകൾ, ഉപകരണങ്ങൾ എന്നിവ നേരിട്ട് കൈകാര്യം ചെയ്യുന്നതിന് പ്രാപ്തനാക്കുന്നതിനുള്ള മെച്ചപ്പെട്ട പഠനസാധ്യതകൾ | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| മൂല്യനിർണ്ണയം | പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ ആർജിക്കേണ്ട പഠനലക്ഷ്യങ്ങൾ നേടിയിട്ടുണ്ടോ എന്നറിയാൻ മൂല്യനിർണ്ണയം നടത്തി പോരായ്മ കണ്ടെത്തി വ്യക്തിഗതമായി പഠനക്രിയകൾ ആസൂത്രണം ചെയ്യുന്നു | ജൂൺ<br><br>ജൂലൈ | സയൻസ് അധ്യാപകർ<br><br>സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് |
| ലഹരി വിരുദ്ധദിനം | ലഹരിവിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ലഹരിവിരുദ്ധറാലി ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് | ജൂലൈ ആഗസ്റ്റ് | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| ചാന്ദ്രദിനം | പോസ്റ്റർ ചാന്ദ്രദിന ക്വിസ് ചാന്ദ്രദിന ഡോക്യുമെന്ററി ടെലസ്കോപ്പ് തയ്യാറാക്കൽ | അക്കാദമിക വർഷം | സയൻസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| സ്കൂൾതല സയൻസ് എക്സിബിഷൻ | പരീക്ഷണ കളരി പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | അക്കാദമിക വർഷം | സയൻസ് ടീച്ചർ | |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ലഘുവീക്ഷണം, ഒബ്സർവേഷൻ | അക്കാദമിക വർഷം | സയൻസ് ടീച്ചർ | |
| ചോദ്യപേപ്പർ സമഗ്രവഴി പരിചയപ്പെടുത്തൽ | ചോദ്യപേപ്പർ സമഗ്രവഴി കുട്ടികളെ പരിചയപ്പെടുത്തുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചർ | |
| സയൻസ് പ്രക്രിയശേഷി | ഗവേഷണാത്മക ചിന്ത വർധിപ്പിക്കുന്നതിന് പ്രോജക്ട്, സർവ്വേ, | അക്കാദമിക വർഷം | സയൻസ് ടീച്ചർ | |
| ശാസ്ത്രബോധം | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിച്ച് കുട്ടികൾ നിർമിച്ച വസ്തുക്കൾ പ്രദർശിപ്പിക്കുവാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് ടീച്ചർ | |

# കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ് പവിത്രേശ്വരം

# അക്കാദമിക മാസ്റ്റർ പ്ലാൻ– എച്ച്.എസ് ബയോളജി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| **ശ്രദ്ധ**<br>വായനയിൽ പിന്നോക്കം ഉള്ള കുട്ടികളെ കണ്ടെത്തൽ | പരിഹാരബോധനം കണ്ടെത്തുന്നു രാവിലെ അല്ലെങ്കിൽ വൈകുന്നേരം പ്രത്യേക പരിശീലനം കൊടുക്കുന്നു | ജൂൺ | ടീച്ചർ |
| ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ | മൈക്രോസ്കോപ്പ് കൃത്യതയോടെയും സൂക്ഷ്മതയോടെയും ചെയ്യാനുള്ള പ്രവർത്തനം | ജൂൺ | ടീച്ചർ |
| **ശാസ്ത്രവിസ്മയം**<br>കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | സെമിനാർ, മത്സരങ്ങൾ പ്രോജക്ട് ശാസ്ത്രനാടകം ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനം ക്ലാസ് പ്രോജക്ട് ചെയ്യുന്നു. മേളകളുമായി ബന്ധപ്പെട്ട് മത്സരങ്ങൾ ശാസ്ത്ര നാടകം, പ്രോജക്ട് ഇവ ചെയ്യുന്നു<br>• DNA യുടെ മാതൃകനിർമ്മാണം<br>• പരിണാമവൃക്ഷം തയ്യാറാക്കുക<br>• നാഡീകോശത്തിന്റെ മാതൃകനിർമ്മാണം | ജൂൺ – ഡിസംബർ | ടീച്ചർ |
| **നല്ലൊരു നാളേക്ക്**<br>ശാസ്ത്ര പഠനത്തിലൂടെ സാമൂഹ്യ നന്മ പ്രാപ്തമാക്കുക | കൃഷി, ശുചിത്വം, പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് സെമിനാറുകൾ<br><br>ശാസ്ത്രനേട്ടങ്ങളെ വ്യക്തിഗത ജീവിതത്തിലും സാമൂഹ്യനന്മക്കും പ്രാപ്തമാക്കുക | ജൂൺ – മാർച്ച് | സയൻസ് ടീച്ചർ -സയൻസ് ക്ലബ്ബ് |
| കൃഷിയോടുള്ള ശാസ്ത്രീയ സമീപനം സൃഷ്ടിക്കൽ. കാർഷിക സംസ്കാരം പുനഃസൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയൽ | നാടൻ ഇനങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനും ആധുനിക കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനും -ഫീൽഡ്ട്രിപ്പ് സാമ്പത്തിക പ്രാധാന്യവുംപാരിസ്ഥിതിക പ്രാധാന്യവുമുള്ള സസ്യങ്ങളെ സംരക്ഷിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ | ജൂൺ – മാർച്ച് | സയൻസ് ടീച്ചർ -സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| **വൈജ്ഞാനിക ബഹിർസ്ഫുരണം**<br>ശാസ്ത്രവുമായി ബന്ധപ്പെട്ട നൂതനാശയങ്ങൾ കുട്ടികളിലെത്തിക്കുക | സയൻസ് ബുള്ളറ്റിൻബോർഡ് സയൻസ്കോർണർ,ശാസ്ത്രമാസിക, ശാസ്ത്രപുസ്തക നിർമ്മാണം,സ്റ്റുഡൻസ് റിസോഴ്സ്ഗ്രൂപ്പ് സംഘടിപ്പിക്കൽ | ജൂൺ–മാർച്ച് | സയൻസ് ടീച്ചർ -സയൻസ് ക്ലബ്ബ് |
| **ഭൂതക്കണ്ണാടി**<br>പരീക്ഷണ നിരീക്ഷണ പാടവം വർദ്ധിപ്പിക്കുക | നൂറ് പരീക്ഷണങ്ങൾ ചിലവ് കുറഞ്ഞ സാമഗ്രികളുപയോഗിച്ച് വലിയ ശാസ്ത്രാശയങ്ങൾ കുട്ടികളിലുംസമൂഹങ്ങളിലും എത്തിക്കുന്നതിനു സ്റ്റുഡൻസ് റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഫീൽഡ് ട്രിപ്പ്,ശാസ്ത്ര മ്യൂസിയം സന്ദർശനം<br><br>മൂത്രത്തിൽ ഗ്ലൂക്കോസ് സാന്നിധ്യം സസ്യസ്വേദനം തിരിച്ചറിയാനൊരു പരീക്ഷണം | ജൂൺ–മാർച്ച് | സയൻസ് ടീച്ചർ -സയൻസ് ക്ലബ്ബ് |
| **ഹൈടെക് ലോകം**<br>സയൻസ് ലാബ് നവീകരണം | പഠനം കൂടുതൽ പ്രവർത്തനാധിഷ്ഠിതമാക്കുന്നതിനുവേണ്ടി സയൻസ് ലാബ് നവീകരണം | ജൂൺ–മാർച്ച് | സയൻസ് ടീച്ചർ – മാനേജ്മെന്റ് |
| **പ്രകൃതിയിലേക്ക്**<br>ജൈവവൈവിധ്യ ഉദ്യാനം | സ്കൂളിന്റെ സ്ഥലപരിമിതിക്കകത്തു നിന്നുകൊണ്ട് തണൽ വൃക്ഷം ഔഷധസസ്യങ്ങൾ, പച്ചക്കറികൾ ഇവ നട്ടുപിടിപ്പിക്കുന്നു | ജൂൺ–മാർച്ച് | സയൻസ് ടീച്ചർ -സയൻസ് ക്ലബ്ബ് |
| **ഡിജിറ്റൽ ലോകം**<br>ഐസിറ്റി അധിഷ്ഠിത ശാസ്ത്രപഠനം | ആധുനിക സങ്കേതങ്ങളായ പഠനവിഭവങ്ങൾ സിഡികൾ,വെബ്സൈറ്റ്, ഇന്റർനെറ്റ്,പോർട്ടൽ നവമാധ്യമങ്ങൾ, മൊബൈൽ ഫോൺ, ഇന്ററാക്ടീവ് ക്ലാസ്റൂം ഇവ ഉപയോഗിച്ച് സൗകര്യം ഒരുക്കുന്നു | ജൂൺ–മാർച്ച് | സയൻസ് ടീച്ചർ -സയൻസ് ക്ലബ്ബ് |

# പ്രവർത്തനകലണ്ടർ – ജനുവരി

| | | |
|---|---|---|
| ജനുവരി 12 | യുവജനദിനം ഇന്ത്യൻ നവോത്ഥാനവുമായി ബന്ധപ്പെട്ട് സ്വാമി വിവേകാനന്ദന്റെ പങ്കിനെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുന്നു | സോഷ്യൽ സയൻസ് ക്ലബ്ബ് |
| ജനുവരി 26 | റിപ്പബ്ലിക് ദിനറാലിനടത്തുന്നു | സോഷ്യൽ സയൻസ് ക്ലബ്ബ് |
| ജനുവരി 30 | രക്തസാക്ഷിദിനവുമായി ബന്ധപ്പെട്ട് കൊളാഷ് നിർമ്മാണം | സോഷ്യൽ സയൻസ് ക്ലബ്ബ് |

# കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ്
# പവിത്രേശ്വരം
# അക്കാദമിക മാസ്റ്റർ പ്ലാൻ
# എച്ച്.എസ് സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവരവിനിമയ സാങ്കേതികവിദ്യയുടേയും ലഹരി ഉപയോഗത്തിന്റെയും ദോഷവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു | പോലീസിന്റേയും എക്സൈസ്, സൈബർസെൽ എന്നീ വകുപ്പുകളുടെ സഹായത്തോടെ രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക് വർഷം മുഴുവനും | അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവിരൂപപ്പെടുത്തുക | സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠനട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | അധ്യാപകർ | സ്കൂൾ, കുട്ടികൾ |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | നേർക്കാഴ്ച<br><br>ഭൂകമ്പം,സുനാമി,കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭയാനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യാഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | ജൂൺ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **<u>നന്മയുടെ നുറുങ്ങുവെട്ടം</u>** ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾസ്വരൂപിച്ച സാധനങ്ങൾ ദുരിതാശ്വാസക്യാമ്പിൽ വിതരണം ചെയ്യുന്നു. | ജൂൺ – ജൂലൈ | അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവിരൂപപ്പെടുത്തുക | **<u>കാടും മേടും</u>** ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | കുട്ടികൾ, അധ്യാപകർ പിടിഎ |
| ചരിത്രാവബോധം വളർത്തുക, ചരിത്രശേഷിപ്പുകൾ സംരക്ഷിക്കേണ്ട പ്രാധാന്യം എന്നിവ മനസ്സിലാക്കി കൊടുക്കുന്നു | **<u>ചരിത്രസ്മാരകങ്ങൾ</u>** ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവയുടെ പ്രാധാന്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനായി ഫീൽഡ് സംഘടിപ്പിക്കുന്നു | ജനുവരി | അധ്യാപകർ | കുട്ടികൾ അധ്യാപകർ പിടിഎ |
| പൗരബോധം, മൂല്യബോധം എന്നിവ വളർത്തുക | കുട്ടികളിൽ പൗരബോധം വളർത്തിയെടുക്കുന്നതിനായി സ്കൂൾപാർലമെന്റ്, മോക്പാർലമെന്റ് എന്നിവ സംഘടിപ്പിക്കുന്നു. ഗ്രാമസഭ, വാർഡുസഭ എന്നിവയിൽ കുട്ടികളെ പങ്കാളികളാക്കുന്നു. | നിശ്ചയിക്കുന്ന തീയതി | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭൂപടവായന കുട്ടികളിൽ വളർത്തുക സ്ഥലനിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു, അറ്റ്ലസ്,മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക<br><br>പ്രകൃതിയിലേക്ക് ജൈവവൈവിധ്യ ഉദ്യാനം | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ടപൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ, നൽകുന്നു( ചരിത്ര സിനിമപ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ് പവിത്രേശ്വരം
## വാർഷിക കലണ്ടർ ഗണിതം

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ജൂൺ 2/6/2025 | പ്രവേശനോത്സവം | അധ്യാപകർ,പിടിഎ മാനേജ്മെന്റ് |
| 9/6/25 | പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട് കുട്ടികളെക്കൊണ്ട് വിവിധ ജ്യാമിതീയരൂപങ്ങളിൽ വൃക്ഷതൈ (ചെടികൾ) നടീൽ | അധ്യാപകർ,വിവിധ ക്ലബ്ബുകളിലെ കുട്ടികൾ |
| ജൂലൈ 16/7/25 | ക്ലബ്ബ് അംഗങ്ങളെ തിരഞ്ഞെടുക്കൽ | അധ്യാപകർ |
| 22/7/25 | മാത്സ് ക്ലബ്ബ് ഉദ്ഘാടനവും **Pie-day** ദിനാചരണവും | അധ്യാപകർ,കുട്ടികൾ, സംഘതലവൻ |
| 30/7/25 | ശാസ്ത്രമേളകളുടെ തയ്യാറെടുപ്പിന് മുന്നോടിയായി കുട്ടികൾക്ക് വേണ്ടി ഒരു ക്ലാസ് സംഘടിപ്പിക്കുന്നു. | പ്രഥമാധ്യാപിക, അധ്യാപകർ,പി.ടി.എ |
| ആഗസ്റ്റ് | ഗണിത ക്വിസ് ശാസ്ത്രമേളയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ് | അധ്യാപകർ, കുട്ടികൾ |
| സെപ്തംബർ ഒക്ടോബർ | ശാസ്ത്രമേളയും അനുബന്ധ പ്രവർത്തനങ്ങളും | അധ്യാപകർ, കുട്ടികൾ സംഘതലവൻ |
| നവംബർ ഡിസംബർ | ദേശീയ ഗണിതശാസ്ത്ര ദിനത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ | അധ്യാപകർ, സംഘതലവൻ, കുട്ടികൾ |

# കെ എൻ എൻ എം വി എച്ച് എസ് എസ് & എച്ച് എസ് എസ്
# പവിത്രേശ്വരം
# അക്കാദമിക മാസ്റ്റർ പ്ലാൻ

## എച്ച്.എസ് – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയ ധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്ററ് തയ്യാറാക്കൽ.ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ<br><br>സംഘബോധം ഉണ്ടാക്കൽ<br><br>ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ<br><br>**Pie** ദിനാചരണം | ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത പ്രാധാന്യം<br>മാത്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക<br><br>സംഘപഠനം<br>ജ്യോമട്രിക്കൽ ചാർട്ട്, നമ്പർ ചാർട്ട്ഇവയുമായി ബന്ധപ്പെട്ട ശിൽപ്പശാലകൾ സംഘടിപ്പിക്കുക, ശാസ്ത്രമേളയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ്<br>ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതുമായി ബന്ധമുള്ള വസ്തുതകൾ തയ്യാറാക്കുക | തുടർ പ്രവർത്തനം<br><br>തുടർ പ്രവർത്തനം<br><br>ജൂലൈ ആദ്യവാരം<br><br>തുടർപ്രവർത്തനം | അധ്യാപകർ കുട്ടികൾ<br><br>അധ്യാപകർ സംഘതലവൻ കുട്ടികൾ<br><br>അധ്യാപകർ<br><br>അധ്യാപകൻ കുട്ടികൾ<br><br>അധ്യാകപർ സംഘതലവൻ |
| ഗണിതലാബ് | **Pie** ദിനത്തിന്റെ പ്രത്യേകതകൾ കുട്ടികളെ ബോധിപ്പിക്കുന്നു.കലാപരിപാടികൾ സംഘടിപ്പിക്കുന്നു<br>ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ |

| | | | |
|---|---|---|---|
| ഗണിതം<br>മധുരമാക്കൽ | തനിക്ക് ചുറ്റുമുള്ള വിവിധ ജ്യാമിതീയ രൂപങ്ങളെക്കു റിച്ചും സംഖ്യകളിലെ ഭാഗങ്ങളെയും മടങ്ങുകളെയും കുറിച്ചും പഠനക്കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു | ആഗസ്റ്റ് | കുട്ടികൾ |
